# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
## കേരള സംസ്ഥാന സമ്മേളനം

## 2018 ഫെബ്രുവരി 22 മുതൽ 25 വരെ
## സ: വി.വി.ദക്ഷിണാമൂർത്തി നഗർ, തൃശ്ശൂർ

(സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയം)

# കാർഷിക പ്രതിസന്ധിക്ക് പരിഹാരം കാണുക

കേരളത്തിലെ കാർഷികമേഖല ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണ്. ദേശീയ തലത്തിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധിയുടെ ഭാഗമാണിത്. കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന നവ ഉദാരവത്ക്കരണ സാമ്പത്തിക നയങ്ങളുടെ പ്രത്യാഘാതങ്ങൾ ഏറ്റവുമധികം അനുഭവിക്കുന്നത് കാർഷികമേഖലയിലാണ്. കാർഷികരാജ്യമായ ഇൻഡ്യയിൽ 60–65 ശതമാനം ജനങ്ങളും ഈ മേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. കൃഷി ആദായകരമല്ലാതായി മാറിയതിന്റെ ഫലമായി വലിയ വിഭാഗം കർഷകർ കൃഷി ഉപേക്ഷിച്ച് മറ്റ് മേഖലകൾ തേടിപ്പോവുകയാണ്. ഭൂരഹിതരായ ലക്ഷക്കണക്കിന് ദരിദ്രകർഷകർക്ക് ഭൂമി ലഭ്യമാക്കാൻ ആവശ്യമായ ഭൂപരിഷ്ക്കരണനിയമം രാജ്യവ്യാപകമായി നടപ്പിലാക്കിയിട്ടില്ല. നേരെ മറിച്ച് കൃഷി നഷ്ടമായതുമൂലം പാപ്പരീകരിക്കപ്പെട്ട കർഷകരിൽ നിന്നും കൃഷിഭൂമി കോർപ്പറേറ്റുകൾ വാങ്ങിക്കൂട്ടുകയാണ്. കൃഷി തങ്ങളുടെ തൊഴിലും ഉപജീവനമാർഗ്ഗവുമായി സ്വീകരിച്ചിട്ടുള്ള രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും ജീവിതം ദുരിതപൂർണ്ണമായിരിക്കുകയാണ്.

കേരളപ്പിറവിക്കുശേഷം സംസ്ഥാനത്തെ കാർഷികമേഖലയിൽ കാതലായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഭൂപരിഷ്ക്കരണനിയമം നടപ്പിലാക്കിയതിനെത്തുടർന്ന് ഭൂവുടമാബന്ധങ്ങളിൽ ഉണ്ടായ മാറ്റവും ഭക്ഷ്യവിളകളുടെ കൃഷിയിൽ നിന്നും വാണിജ്യവിളകളിലേക്ക് വൻതോതിലുണ്ടായ പരിവർത്തനവും ഇതിന് കാരണമായിട്ടുണ്ട്. എന്നാൽ കാർഷികോല്പ്പന്നങ്ങളുടെ വിലത്തകർച്ചയും വിലയിലെ ചാഞ്ചാട്ടവും കർഷകരുടെ ജീവിതം താറുമാറാക്കിയിരിക്കയാണ്. നെല്ല് ഉൾപ്പെടെയുള്ള ഭക്ഷ്യവിളകളുടെ ഉൽപ്പാദനത്തിലുണ്ടായ കുറവ് സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയെ ബാധിച്ചിരിക്കുന്നു. സംസ്ഥാനത്ത് കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്ന 39 ശതമാനം കുടുംബങ്ങൾ കാർഷികവരുമാനത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാണെന്ന് സർവ്വെ റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു. ഇവരുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. ബാക്കി 61 ശതമാനം കുടുംബങ്ങൾക്ക് കാർഷികേതരവരുമാനമുണ്ടെങ്കിലും ഈ രംഗത്തെ പ്രതിസന്ധി അവരേയും ബാധിച്ചിട്ടുണ്ട്.

നെൽകൃഷി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് കഴിയേണ്ടതുണ്ട്. കേരളീയർക്ക് ഭക്ഷണത്തിനായി 40 ലക്ഷം ടൺ അരി ആവശ്യമുള്ളപ്പോൾ ഇതിന്റെ 14 ശതമാനം മാത്രമാണ് നാം ഉത്പാദിപ്പിക്കുന്നത്. ബാക്കി മുഴുവനും അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയെടുക്കേണ്ട സ്ഥിതിയാണുള്ളത്. നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി 1970–ലെ 8.80 ലക്ഷം ഹെക്ടറിൽ നിന്നും 2016–ൽ 1.98 ലക്ഷം ഹെക്ടറായി കുറഞ്ഞു. ഇതെ കാലയളവിൽ നെല്ലിന്റെ ഉല്പാദനം 13.7 ലക്ഷം ടണ്ണിൽ നിന്നും 5.49 ലക്ഷം ടണ്ണായി കുറയുകയും ചെയ്തു. ഈ രംഗത്തെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ സംസ്ഥാനത്ത് കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന ഇടതുപക്ഷസർക്കാരുകൾ ക്രിയാത്മകമായ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2008–ലെ നെൽവയൽ–തണ്ണീർത്തട സംരക്ഷണനിയമം, തരിശുനിലകൃഷി പദ്ധതി, ഹരിതകേരളം പദ്ധതി തുടങ്ങിയവ ഇക്കൂട്ടത്തിൽപ്പെടുന്നു. രാജ്യത്തെ ഏറ്റവും ഉയർന്ന താങ്ങുവിലയായ 23.30 രൂപാ നൽകി നെല്ല് സംഭരിക്കുന്നത് കേരളത്തിലാണ്. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയോടൊപ്പം സംസ്ഥാനഫണ്ട് കൂടി ചേർത്താണ് ഇത് നൽകുന്നത്. പാലക്കാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളെക്കൂടി ബാങ്കിന്റെ അതേ പരിഗണന നൽകി നെല്ല് സംഭരിക്കുന്നതിനുള്ള നടപടികളും സംസ്ഥാന സർക്കാർ സ്വീകരിക്കുകയാണ്. കേരളത്തിന് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതിലും

നെൽക്കൃഷിവികസനപദ്ധതികൾക്ക് ഫണ്ട് നൽകുന്നതിലും കേന്ദ്രസർക്കാർ അലംഭാവം കാണിക്കുന്ന സ്ഥിതിയും നിലനിൽക്കുകയാണ്.

ദീർഘകാല വിളകളാണ് കേരളത്തിലുള്ളത് എന്നതിനാൽ വിലത്തകർച്ചയുടെ ഘട്ടത്തിൽ ഇവ വേണ്ടത്ര പരിപാലിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാവുക സ്വാഭാവികമാണ്. വില മെച്ചപ്പെടുന്ന ഘട്ടം വരുമ്പോഴേക്കും അവയുടെ ഉത്പാദനക്ഷമത കുറഞ്ഞുപോകുന്നു എന്ന പ്രശ്നവും ഉണ്ട്. വരൾച്ചയും വെള്ളപ്പൊക്കവും രോഗങ്ങളും ദീർഘകാല വിളകളുടെ ഉത്പാദനത്തെ ഏറെ കാലം ബാധിക്കുന്നു എന്ന പ്രത്യേകതയും നിലനിൽക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ നമ്മുടെ കാർഷികമേഖലയിലെ സവിശേഷ സ്ഥിതിയാണ്.

സംസ്ഥാനത്തെ ദീർഘകാല വിളകളിൽ പ്രധാനപ്പെട്ട തെങ്ങുകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. കേരളത്തിൽ 40 ലക്ഷത്തോളം കേരകർഷകർ ഉള്ളതായി കണക്കാക്കപ്പെടുന്നു. തെങ്ങുകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതിയും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 10 ലക്ഷം ഹെക്ടറിൽ കൃഷി നടത്തിയിരുന്ന സ്ഥാനത്ത് ഇപ്പോൾ 7 ലക്ഷം ഹെക്ടറിലാണ് കൃഷിയുള്ളത്. ആകെ ഉൽപ്പാദിപ്പിക്കുന്ന നാളീകേരത്തിന്റെ 10 ശതമാനം മാത്രമാണ് ഭക്ഷണാവശ്യത്തിന് ഉപയോഗിക്കുന്നത്. ബാക്കി മുഴുവനും വ്യാവസായികാവശ്യത്തിനാണ് വിനിയോഗിക്കുന്നത്. ഉൽപാദനത്തിന്റെ കാര്യത്തിൽ ആന്ധ്ര, കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾക്ക് പിന്നിലായിരിക്കുന്നു കേരളത്തിന്റെ സ്ഥാനം. വ്യാപകമായ നിലയിൽ രോഗബാധ മൂലം ഉല്പാദനക്ഷമത നഷ്ടപ്പെട്ടിട്ടുമുണ്ട്. സമീപകാലത്ത് നാളീകേരത്തിന് അൽപം മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ട്. എന്നാൽ കൂടുതൽ കാലയളവിലും ഉണ്ടായിട്ടുള്ള വിലത്തകർച്ച ഈ രംഗത്ത് പിന്നോട്ടടിക്ക് കാരണമായി. സ്വതന്ത്രവ്യാപാരകരാറുകൾ പ്രകാരം കൊപ്രയും പാം ഓയിലും വൻതോതിൽ ഇറക്കുമതി ചെയ്യുന്നത് ഈ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കാൻ ഇടയായിട്ടുണ്ട്.

റബ്ബർകൃഷിയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ സാരമായി ബാധിച്ചിരിക്കയാണ്. 12 ലക്ഷത്തോളം റബ്ബർകർഷകരും 3 ലക്ഷത്തിലധികം ടാപ്പിംഗ് തൊഴിലാളികളും ഇരുപത്തി അയ്യായിരം റബ്ബർ വ്യാപാരികളും ഈ മേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ലോകത്തെ റബ്ബറിന്റെ ഉത്പാദനത്തിന്റെ കാര്യത്തിൽ തായ്ലന്റ്, ഇൻഡോനേഷ്യ, മലേഷ്യ എന്നീ രാജ്യങ്ങൾക്കുശേഷം 4–ാം സ്ഥാനമാണ് ഇൻഡ്യയ്ക്കുള്ളത്. ആഭ്യന്തര ഉപഭോഗത്തിന് ഒരു വർഷം 10 ലക്ഷം ടൺ റബ്ബർ ആവശ്യമുള്ളപ്പോൾ 9.50 ലക്ഷം ടൺ വരെ രാജ്യത്ത് ഉത്പാദിപ്പിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ 5 വർഷമായി തുടരുന്ന പ്രതിസന്ധി മൂലം ഉത്പാദനം 6.5 ലക്ഷം ടണ്ണായി കുറഞ്ഞിരിക്കയാണ്. 2011–ൽ കിലോയ്ക്ക് 245 രൂപാ വില ലഭിച്ചിരുന്ന റബ്ബറിന് ഇപ്പോൾ 115–120 രൂപയാണ് കർഷകന് കിട്ടുന്നത്. റബ്ബറിന്റെ ഉല്പാദനച്ചെലവ് കിലോയ്ക്ക് 158 രൂപാ വരുമെന്ന് റബ്ബർബോർഡ് കണക്കാക്കിയിട്ടുണ്ട്. വിലത്തകർച്ച മൂലം കൃഷി നഷ്ടത്തിലായ നിരവധി കർഷകർ റബ്ബർകൃഷി ഉപേക്ഷിക്കാൻ തയ്യാറായിരിക്കുന്നു. ടാപ്പിംഗ് തൊഴിലാളികൾ തൊഴിൽ നഷ്ടപ്പെട്ടതു മൂലം മറ്റ് മേഖലകൾ തേടിപ്പോകുന്ന സ്ഥിതിയുമുണ്ട്.

കേന്ദ്രസർക്കാറിന്റെ ഇറക്കുമതിനയവും ആസിയാൻ കരാറുമാണ് റബ്ബർമേഖലയിലെ പ്രതിസന്ധിക്ക് കാരണമായുള്ളത്. ടയർ വ്യവസായത്തിന് കൊള്ളലാഭം നേടാൻ സഹായിക്കുന്നതാണ് കേന്ദ്രസർക്കാർ നയം. ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി നിയന്ത്രിക്കാതെ വിലത്തർച്ചയ്ക്ക് പരിഹാരമുണ്ടാക്കാനാവില്ല. 2016–17–ൽ 5 ലക്ഷത്തോളം ടൺ റബ്ബറാണ് ഇറക്കുമതി ചെയ്തത്. ബി.ജെ.പി സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2014–ൽ പ്രഖ്യാപിച്ച റബ്ബർ നയം നാളിതുവരെ നടപ്പാക്കിയിട്ടില്ല. റബ്ബർ ബോർഡിന്റെ പ്രവർത്തനത്തിന് നൽകുന്ന ഫണ്ട് കേന്ദ്രം വെട്ടിക്കുറച്ചു. നിരവധി റീജണൽ ആഫീസുകൾ നിർത്തലാക്കി. റബ്ബറിനെ കാർഷികവിളയായി അംഗീകരിക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. ഏലം, തേയില, കാപ്പി തുടങ്ങിയ വിളകളും പ്രതിസന്ധിയിലാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന കേന്ദ്രസർക്കാറിന്റെ കീഴിലുള്ള സ്പൈസസ് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

സംസ്ഥാന സർക്കാർ കാർഷികമേഖലയെ സംരക്ഷിക്കുന്നതിനുള്ള ഇടപെടലുകൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഹരിതകേരളമിഷൻ കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലിന്റെ ഭാഗമാണ്. 2017–18 ലെ ബജറ്റിൽ കാർഷിക അടങ്കൽ 2908.91 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. 2015–16 ൽ 1756.24 കോടി രൂപ മാത്രമായിരുന്ന സ്ഥാനത്താണ് ഇത്തരമൊരു വർദ്ധനവുണ്ടായിട്ടുള്ളത്. കേരഗ്രാമം പദ്ധതിക്കായി 40 കോടി രൂപയാണ് നീക്കിവെച്ചിരിക്കുന്നത്. വിളയുടെ ആരോഗ്യപരിപാലനത്തിനായി 54 കോടി രൂപയും പുതിയ ബജറ്റിലുണ്ട്. ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്. കർഷകക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനും അവയ്ക്ക് ആവശ്യമായ തുക നൽകുന്നതിനുള്ള നടപടികളിലേക്കും സർക്കാർ കടന്നിട്ടുണ്ട്.

കാർഷിക സബ്സിഡി വെട്ടിക്കുറച്ചുകൊണ്ടുള്ള ആഗോളവത്കരണനയങ്ങൾ സൃഷ്ടിച്ച പ്രതിസന്ധി വളരെ വലുതാണ്. കാർഷിക ചെലവും വിലകളും സംബന്ധിച്ച സ്വാമിനാഥൻ കമ്മിഷന്റെ റിപ്പോർട്ടിൽ തന്നെ ഉൽപ്പാദന ചെലവിനേക്കാൾ ഒന്നര ഇരട്ടി അധികം തുക കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില ഉറപ്പാക്കണമെന്ന ശുപാർശയുണ്ടായിരുന്നു. ഇത് തെരഞ്ഞെടുപ്പു വാഗ്ദാനമായി മോഡി ഗവൺമെന്റ് തന്നെ പ്രഖ്യാപിച്ചതുമാണ്. ഉത്പാദന ചെലവിനേക്കാൾ 50% ലാഭം ഉറപ്പുവരുത്തും എന്ന ബജറ്റ് പ്രഖ്യാപനവും തട്ടിപ്പാണെന്ന് തെളിഞ്ഞു. ഉത്പാദന ചെലവ് കണക്കാക്കുമ്പോൾ സ്വാമിനാഥൻ കമ്മീഷൻ കണക്കാക്കിയ നിരവധി ഘടകങ്ങൾ ഒഴിവാക്കിക്കൊണ്ടാണ് ഉത്പാദനച്ചെലവ് കേന്ദ്രം കണക്കാക്കിയിട്ടുള്ളത് മാത്രമല്ല കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്നതിനേക്കാൾ താങ്ങുവില സംസ്ഥാന സർക്കാർ നൽകുന്നതിനെ തടയുന്ന തരത്തിലും കേന്ദ്ര സർക്കാർ ഇടപെടുകയാണ്. വരൾച്ചയും വിലത്തകർച്ചയുംമൂലം പ്രക്ഷോഭരംഗത്തിറങ്ങിയ കർഷകരരെ വെടിവെച്ചുകൊല്ലാനാണ് ബിജെപി ഭരിക്കുന്ന മധ്യപ്രദേശ് സർക്കാർ തയ്യാറായത്.

ബി.ജെ.പി ഭരണത്തിൽ കർഷക ആത്മഹത്യ 47% വർദ്ധിക്കുകയാണ് ഉണ്ടായത്. കേന്ദ്ര സർക്കാരിന്റെ അവസാന സമ്പൂർണ്ണ ബജറ്റിൽ കാർഷിക മേഖലയ്ക്ക് വൻ പ്രാധാന്യം നൽകിയെന്ന വിധത്തിൽ കേവലമായ പ്രചരണം നടത്തുക മാത്രമാണ് കേന്ദ്രസർക്കാർ ചെയ്യുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം കാർഷി മേഖലയ്ക്ക് മൊത്തം അടങ്കലിന്റെ 2.38 ശതമാനമാണ് നീക്കിവെച്ചതെങ്കിൽ ഇപ്പോഴത് 2.36 ശതമാനമാക്കി കുറച്ചിരിക്കുകയാണ്. വിലസ്ഥിരതാ ഫണ്ട് തുടർച്ചയായി വെട്ടിച്ചുരുക്കുകയാണ്. 2016–17 ൽ 6900 കോടി രൂപയാണ് ഈ ഇനത്തിൽ നീക്കിവെച്ചിരുന്നത്. 2017–18 ൽ 3500 കോടി രൂപയായി അത് വെട്ടിച്ചുരുക്കി. ഇക്കഴിഞ്ഞ ബജറ്റിലാകട്ടെ 1700 കോടി രൂപയാക്കി വിലസ്ഥിരതാ ഫണ്ട് വെട്ടിച്ചുരുക്കുകയാണ് ഉണ്ടായത്. കൊട്ടിഘോഷിക്കപ്പെട്ട വിള ഇൻഷുറൻസ് പദ്ധതി തട്ടിപ്പാണെന്ന് തെളിഞ്ഞു. 2016–17 ൽ പ്രീമിയം ഇനത്തിൽ 22,437 കോടി രൂപ ഇൻഷുറൻസ് കമ്പനികൾ പിരിച്ചെടുത്തപ്പോൾ നഷ്ടപരിഹാരമായി കേവലം 8087 കോടി രൂപ മാത്രമാണ് വിതരണം ചെയ്തത്. ഇൻഷുറൻസ് കമ്പനികൾക്ക് മാത്രമാണ് ഈ പദ്ധതിയിലൂടെ നേട്ടമുണ്ടാക്കാനായതെന്ന് തെളിഞ്ഞു.

കാർഷിക വായ്പാ പദ്ധതികൾ പ്രധാനമായും അഗ്രി ബിസിനസ്സ് സ്ഥാപനങ്ങൾ കൈയ്യടക്കുകയാണ്. ദില്ലി ഉൾപ്പെടെയുള്ള വൻ നഗരങ്ങളിലെ ശാഖകളിലൂടെയാണ് ഏറ്റവും കൂടുതൽ കാർഷിക വായ്പ വിതരണം ചെയ്തത് എന്നത് ഇതിന്റെ തെളിവാണ്. കാർഷിക വരുമാനം ഇരട്ടിയാക്കുമെന്നും മറ്റും വാചകമടിയല്ലാതെ പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്രസർക്കാർ യാതൊന്നും ചെയ്യുന്നില്ല. എന്നതാണ് യാഥാർത്ഥ്യം

മോഡി സർക്കാർ പിന്തുടരുന്ന നവ ഉദാരവത്ക്കരണ നയങ്ങൾക്ക് മാറ്റം വരാതെ കാർഷികപ്രതിസന്ധി പരിഹരിക്കാനാകില്ല. ഈ സാഹചര്യത്തിൽ കാർഷികമേഖലയിലെ പൊതുമൂലധനവിഹിതം വർദ്ധിപ്പിക്കണമെന്നും വിലത്തകർച്ചയ്ക്ക് കാരണമായ ഇറക്കുമതി നയം തിരുത്തണമെന്നും സ്വാമിനാഥൻകമ്മീഷൻ നിർദ്ദേശിച്ച പ്രകാരം ഉത്പാദനച്ചെലവും അതിന്റെ പകുതിയും ചേർത്ത് കാർഷികോല്പ്പന്നങ്ങൾക്ക് ആദായവില നിശ്ചയിക്കണമെന്നും കൃഷി ആദായകരമാക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്നും ഈ സമ്മേളനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

***